## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4390 — 19.10.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>a) തരിശുഭൂമി കൃഷി വ്യാപനം<br>b) ജൈവ കാർഷിക സംസ്ഥാനം<br>c) ഹൈടെക് കൃഷി വ്യാപനം<br>d) കാർഷിക യന്ത്രവത്ക്കരണം<br>e) മൈക്രോ ഇറിഗേഷൻ<br>f) കാർഷികോൽപ്പന്നങ്ങളുടെ സംഭരണം<br>g) നെല്ല്, തെങ്ങ്, പച്ചക്കറി എന്നീ മേഖലകളിൽ നൂതന പദ്ധതികൾ<br>h) നിറവ് പദ്ധതി |
| (ബി) പതിനായിരക്കണക്കിന് ഹെക്ടർ സ്ഥലം തരിശ് കിടക്കുന്നത്, യന്ത്രവത്ക്കരണത്തിലൂടെ ഫല ഭൂയിഷ്ഠമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കരാർ - തരിശുനില കൃഷി ഭൂവുടമയേയും കർഷകനേയും ഒരു പോലെ സഹായിക്കുന്നതാണ്. ഈ വർഷം 400 ഹെക്ടർ തരിശുനിലങ്ങൾ ഇത്തരത്തിൽ കൃഷിയിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് കണക്കാക്കുന്നു. കൃഷിച്ചെലവുകൾക്കായി ഹെക്ടറിന് 25000/- രൂപ കർഷകന് നൽകുന്നതോടൊപ്പം ഭൂവുടമസ്ഥ് ഹെക്ടറിന് 5000/- രൂപ പാട്ടത്തുകയായും ഈ പദ്ധതി പ്രകാരം നൽകുന്നു. 120 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. |

പെട്ടിയും, പറയും കൊയ്ത്തു മെതിയന്ത്രങ്ങളും, ട്രാക്ടർ, പവ്വർടില്ലർ ഉൾപ്പെടെയുള്ള കൃഷി യന്ത്രങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിനും കസ്റ്റംഹയറിംഗ് കം ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൃഷി യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പരിശീലനം ലഭിച്ച കാർഷിക കർമ്മ സേന അംഗങ്ങളെ എല്ലാ പഞ്ചായത്തിലും നൽകാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ